**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1385** **11-09-2023 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിൽ മന്ത്രിയുടെ മിന്നൽ സന്ദർശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളിലാണ് വകുപ്പ് മന്ത്രി മിന്നൽ സന്ദർശനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിലെ വിവിധ ഓഫീസുകളുടെ പ്രവർത്തനം നേരിൽ കാണുന്നതിന്റെ ഭാഗമായി വിവിധ വിംഗുകളിലെ ഓഫീസുകൾ സന്ദർശിച്ചിട്ടുണ്ട്. പബ്ലിക് ഓഫീസ് കോമ്പൗണ്ടിൽ ചീഫ് എഞ്ചിനീയർമാരുടെ ഓഫീസും, KRFB, KRF- PMU ഓഫീസിലും എത്തി പ്രവർത്തനം വിലയിരുത്തിയിരുന്നു. തിരുവനന്തപുരം പൂജപ്പുര ബിൽഡിംഗ്സ് ഓഫീസ്, പൊതുമരാമത്ത് വാസ്തു ശിൽപ വിഭാഗം കാര്യാലയം എന്നിവിടങ്ങളിലും മന്ത്രി നേരിട്ടെത്തി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | മിന്നൽ സന്ദർശനത്തിൽ എന്തെല്ലാം ന്യൂനതകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പൂജപ്പുര ബിൽഡിംഗ്സ് സെക്ഷൻ ഓഫീസ് കാര്യാലയത്തിലും, വാസ്തുശിൽപ വിഭാഗം കാര്യാലയത്തിലും നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളായ ഹാജർ പുസ്തകം, മൂവ്മെന്റ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല എന്ന് കണ്ടെത്തിയിരുന്നു. |
| (സി) | തിരുവനന്തപുരത്ത് പബ്ലിക് ഓഫീസ് കൊമ്പൗണ്ടിലുള്ള ഏതെല്ലാം ഓഫീസുകളിൽ മന്ത്രി മിന്നൽ സന്ദർശനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | തിരുവനന്തപുരം പബ്ലിക് ഓഫീസ് കോമ്പൗണ്ടിലുള്ള ചീഫ് എഞ്ചിനീയർമാരുടെ ഓഫീസ് മന്ത്രി സന്ദർശിച്ചിരുന്നു. വാസ്തുശിൽപ വിഭാഗം കാര്യാലയത്തിലും സന്ദർശനം നടത്തിയിട്ടുണ്ട്. |
| (ഡി) | മിന്നൽ സന്ദർശനത്തിന്റെ ഭാഗമായി ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (ഡി) | പൂജപ്പുര ബിൽഡിംഗ്സ് സെക്ഷൻ ഓഫീസ് കാര്യാലയത്തിൽ നടത്തിയ സന്ദർശനത്തിന്റെ ഭാഗമായ വിലയിരുത്തലുകളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളായ മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, ഹാജർ പുസ്തകം എന്നിവ കൃത്യമായി പരിപാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുവാനും ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. ഇതുമായി ബന്ധപ്പെട്ട് ഓഫീസ് ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയറെ സ്ഥലം മാറ്റിയിരുന്നു. വാസ്തുശിൽപ വിഭാഗം കാര്യാലയത്തിൽ നടത്തിയ സന്ദർശനത്തിൽ ശ്രദ്ധയിൽപ്പെട്ട വീഴ്ചകളുമായി ബന്ധപ്പെട്ട് ചീഫ് ആർക്കിടെക്ട് ശ്രീ.രാജീവ് പി.എസ്., ഡെപ്യൂട്ടി ചീഫ് ആർക്കിടെക്ട് ശ്രീ.ഗിരീഷ്.വി.എസ്. എന്നിവരെ 27.04.2023 - ലെ സ.ഉ.(സാധാ) നം.533/2023/PWD പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയും ഇരുവർക്കുമെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) റൂൾസ് ചട്ടം 16 പ്രകാരം അച്ചടക്ക നടപടികൾ ആരംഭിച്ചുകൊണ്ട് 20.06.2023 -ലെ PWD-F1/21/2023-PWD പ്രകാരം കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ